Dated : 07/11/2021

## കുട്ടികളെ ദേഹോപദ്രവം ഏൽപ്പിച്ച അച്ഛൻ പോലീസ് പിടിയിലായി

കൊല്ലം : കുട്ടികളെ ദേഹോപദ്രവം ഏൽപ്പിച്ച അച്ഛനെ പോലീസ് പിടികൂടി. കൊട്ടിയം സ്വദേശിയായ ഇമാമുദ്ദീൻ (44) ആണ് പോലീസ് പിടിയിലായത്. മദ്യപിച്ച് നിരന്തരം ഭാര്യയേയും മക്കളേയും ഉപദ്രവിക്കുന്ന സ്വഭാവമുള്ള ഇയാൾ കഴിഞ്ഞ 30 ന് ഭാര്യയേയും മക്കളേയും ദേഹോപദ്രവം ഏൽപ്പിച്ചിരുന്നു. തുടർന്ന് ഇയാൾക്കെതിരെ ഭാര്യ കൊട്ടിയം പോലീസിൽ പരാതി നൽകി. ഇതിൽ പ്രകോപിതനായ പ്രതി വൈകുന്നേരം മദ്യപിച്ച് വീട്ടിലെത്തി ഭാര്യയേയും മക്കളേയും വീണ്ടും ഉപദ്രവിക്കുകയായിരുന്നു. അടുക്കളയിൽ ഇരിക്കാൻ ഉപയോഗിക്കുന്ന തടികക്ഷണം കൊണ്ടുള്ള ആക്രമണത്തിൽ ഭാര്യയ്ക്കും പതിനാല്കാരിയായ മകൾക്കും പരിക്കേറ്റു. ഇവരെ ഇയാളിൽ നിന്നും രക്ഷിക്കാൻ ശ്രമിച്ച പന്ത്രണ്ട്കാരനായ മകന് തടികഷണം കണ്ണിൽ കൊണ്ട് കണ്ണിനും പുരികത്തിനും പരിക്ക് പറ്റുകയും ചെയ്തു. ഇവർ കൊല്ലം ജില്ലാ ആശുപത്രിയിലും മകൻ കൊല്ലത്തെ സ്വകാര്യ നേത്രാശുപത്രിയിലും ചികത്സ തേടി.



ഇമാമുദ്ദീൻ (44)

സംഭവത്തിൽ മകന്റെ പരാതിയിൽ ഇയാൾക്കെതിരെ കൊട്ടിയം പോലീസ് കേസ് എടുത്തു. തുടർന്ന് ഇയാളെ ഉമയനല്ലൂർ പാർക്ക്മുക്കിൽ നിന്നും പോലീസ് പിടകൂടി. കൊട്ടിയം ഇൻസ്പെക്ടർ ജിംസ്റ്റൽ. എം.സി യുടെ നേതൃത്വത്തിൽ എസ്സ്.ഐ മാരായ സുജിത്ത് ജി നായർ, ഷിഹാസ്, അനൂപ്, ജയചന്ദ്രൻ, എ.എസ്.ഐ സുനിൽകുമാർ, എസ്.സി.പി.ഒ ബീന എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.

## മധ്യവയ്സകനെ കഴുത്തിൽ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാൾ അറസ്റ്റിൽ

കൊല്ലം : സഹോദരി ഭർത്താവിനെ കൊലപ്പെടുത്താൻ ശ്രമിച്ച യുവാവിനെ പോലീസ് പിടികൂടി. പരവൂർ കോട്ടപ്പുറം വില്ലേജിൽ തെക്കുംഭാഗം കുതിരപന്തി പടിഞ്ഞാറ്റതിൽ വീട്ടിൽ രാജേന്ദ്രൻ മകൻ രാജൻ ബാബു (42) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ ആറിന് രാത്രിയിൽ കോട്ടപ്പുറം നേരുകടവിലേക്ക് പോകുന്ന റോഡിൽ വച്ചാണ് ആക്രമിക്കപ്പെട്ടത്. സൈക്കിളിൽ വന്ന സഹോദരി ഭർത്താവ് ഗോപിനാഥൻപിള്ളയെ പ്രതി തടഞ്ഞ് നിർത്തി കൈയ്യിൽ കരുതിയിരുന്ന കുപ്പി പൊട്ടിച്ച് കഴുത്തിന് കുത്തുകയായിരുന്നു. ഇടത് ചെവി ഭാഗത്ത് ആഴത്തിൽ മുറിവേറ്റ ഗോപിനാഥൻപിള്ളയെ പാരിപ്പള്ളി മെഡിക്കൽ കോളേജിലെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. ബന്ധുവായ പ്രതി വസ്തുവിന്റെ പ്രമാണം ആവശ്യപ്പെട്ടത് കൊടുക്കാതിരുന്ന വിരോധത്തിലാണ് കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചത്.



രാജൻ ബാബു

ഇയാളെ പരവൂർ തെക്കുംഭാഗം കടപ്പുറത്ത് നിന്നും പോലീസ് പിടികൂടുകയായിരുന്നു. പരവൂർ ഇൻസ്പെക്ടർ നിസാർ.എ യുടെ നേതൃത്വത്തിൽ എസ്സ്.ഐ മാരായ നിതിൻ നളൻ, ഗോപകുമാർ, എ.എസ്.ഐ മാരായ ഹരി വൽസൻ, പ്രദീപ് സി.പി.ഒ സായി എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.